# കേരള സർവകലാശാല

നം.പി.ആർ.167/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി: പുതിയ കോഴ്സ്/കോളേജ്

കേരള സർവകലാശാല കരുനാഗപ്പള്ളി തഴവയിൽ പുതിയതായി ആരംഭിച്ച ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (30 സീറ്റ്), മലയാളം (30 സീറ്റ്), ബി.കോം ഫിനാൻസ് (30 സീറ്റ്) കോഴ്സുകളിലേക്ക് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ സെപ്റ്റംബർ എട്ട് രാവിലെ ഒമ്പത് മണിക്ക് കോളേജ് താൽക്കലികമായി പ്രവർത്തിക്കുന്ന പാവുമ്പ ഹൈസ്കൂളിലാണ് എത്തിച്ചേരേണ്ടത്.

### പി.ജി പ്രവേശനം

പി.ജി രണ്ടാം ഘട്ട അലേട്ട്മെന്റ് ലഭിച്ചവർക്ക് സെപ്റ്റംബർ 20 വരെ അതത് കോളേജുകളിൽ പ്രവേശനം നേടാം.

### എം.എ മ്യൂസിക് പ്രാക്ടിക്കൽ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന എം.എ മ്യൂസിക് പ്രാക്ടിക്കൽ (റീ അപിയറൻസ് & റീ അഡ്മിഷൻ) പരീക്ഷ സെപ്റ്റംബർ 22 മുതൽ മ്യൂസിക് പഠനവകുപ്പിൽ നടത്തും. ഫോൺ 0471-2308995.

### സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പിൽ എം.ടെക് (ടെക്നോളജി മാനേജ്മെന്റ് - 2016-17) എസ്.സി/എസ്.ടി, സ്പോൺസേഡ് വിഭാഗങ്ങളിൽ സീറ്റൊഴിവുണ്ട്. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബി.ടെക് 55%. താൽപര്യമുള്ളവർ എല്ലാ അസ്സൽ രേഖകൾ സഹിതം സെപ്റ്റംബർ എട്ട് രാവിലെ 10.30-ന് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2305321, 9446403562.

കാര്യവട്ടം ഗണിതശാസ്ത്ര പഠനവകുപ്പിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ നാല് സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും 750/- രൂപ ഫീസുമായി സെപ്റ്റംബർ എട്ട് രാവിലെ 10.30-ന് വകുപ്പിൽ ഹാജരാകണം. ഫോൺ 0471-2308303.

### എം.എ ലിംഗ്വിസ്റ്റിക്സ് ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എ ലിംഗ്വിസ്റ്റിക്സ് (2014-16 ബാച്ച് - സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ശ്രുതി ടി.എസ് (രജി.നം. LIN 140508) ഒന്നാം റാങ്ക് നേടി.

### ബി.ബി.എ ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തിയ ആറാം സെമസ്റ്റർ ബി.ബി.എ (2013 ബാച്ച്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ഫലം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 25 വരെ അപേക്ഷിക്കാം.

## സായാഹ്ന പി.ജി ഡിപ്ലോമ കോഴ്സ്

കേരള സർവകലാശാല കാര്യവട്ടം ഡോ. ബി.ആർ അംബേദ്കർ ചെയർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ മെഡിക്കൽ ലോ എത്തിക്സ് ആൻഡ് ഹ്യൂമൻ റൈറ്റ്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. എട്ട് മാസം ദൈർഘ്യമുള്ള കോഴ്സിന് 5,000/- രൂപയാണ് ഫീസ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 26. ഫോൺ. 0471-2308936.

## ലക്ചറർ (അറബിക്) : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ കരാറാടിസ്ഥാനത്തിൽ ലക്ചറർ (അറബിക്) നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി സെപ്റ്റംബർ 26. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

## ഇൻഡക്ഷൻ പ്രോഗ്രാം

കേരള സർവകലാശാല കാര്യവട്ടം അറബിക് പഠനവകുപ്പിൽ വകുപ്പുതല ഇൻഡക്ഷൻ പ്രോഗ്രാം ഇന്ന് (07.09.2016) രാവിലെ പത്ത് മണിക്ക് വകുപ്പ് സെമിനാർ ഹാളിൽ നടത്തും. മുൻ വകുപ്പ് മേധാവി ഡോ. എ നിസാറുദ്ദീൻ ഉദ്ഘാടനം ചെയ്യും. അറബി ഭാഷയുടെ പുതിയ തൊഴിൽ സാധ്യതകൾ എന്ന വിഷയത്തിൽ കേരള സിയാഹ മാനേജിംഗ് ഡയറക്ടറും അസോസിയേഷൻ ഫോർ അറബ് ടൂറിസം ഓപ്പറേറ്റേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ മുഹമ്മദ് ബാവ മുഖ്യപ്രഭാഷണം നടത്തും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
06.09.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**